LIBRARY ARCHIVES Kerala Legislative Assembly

(27) പൂലാമന്തോൾ-മേലാറ്റൂർ റോഡ് നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: സർ, മലപ്പുറം ജില്ലയിലെ പ്രധാന സംസ്ഥാന പാതയാണ് പെരുമ്പിലാവ്-നിലമ്പൂർ റോഡ്. ഈ റോഡിലെ പൂലാമന്തോൾ-മേലാറ്റൂർ റീച്ചിന് ഏകദേശം 30.88 കിലോമീറ്റർ ദൈർഘ്യമുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നവീകരണം നടത്തുന്നതിന് 139.4 കോടി രൂപയുടെ എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന കെ.എസ്.ടി.പി. വഴിയാണ് നവീകരണ പ്രവൃത്തി നടത്തുന്നത്. 2020 സെപ്റ്റംബർ 29-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 7-10-2020-ൽ കെ.എം.സി. കൺസ്ട്രക്ഷൻസ്, ഹൈദരാബാദ് എന്ന കമ്പനിയാണ് ഈ കരാർ ഏറ്റെടുത്തിരിക്കുന്നത്. 18 മാസംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് 9 മാസം പിന്നിട്ടിട്ടും പ്രവൃത്തി എങ്ങുമെത്താത്ത സ്ഥിതിയാണ്. പെരിന്തൽമണ്ണ മുതൽ പട്ടാമ്പി റോഡ് ജംഗ്ഷൻ വരെയുള്ള ഒരു കിലോമീറ്റർ ദൂരം ഇപ്പോൾ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ആശുപത്രി സിറ്റിയായ പെരിന്തൽമണ്ണയിലൂടെ ആയിരക്കണക്കിന് രോഗികൾക്കാണ് യാത്ര ചെയ്യേണ്ടിവരുന്നത്. ഈ ഭാഗത്തെ റോഡ് തകർന്നതുമൂലം ശ്വാസമായ ഗതാഗതക്കുരുക്കും പ്രയാസവുമാണ് ജനങ്ങൾ അനുഭവിക്കുന്നത്. യാത്രക്കാരുടെ നടുവൊടിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഈ പ്രവൃത്തിക്ക് ഒച്ചിന്റെ വേഗതപോലുമില്ല. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി പല സ്ഥലങ്ങളിലും മിന്നൽ പര്യടനം നടത്തി പ്രവൃത്തികളുടെ വേഗത കൂട്ടുന്നതിനുവേണ്ടി പരിശ്രമിക്കുന്ന വാർത്തകൾ ഞാൻ വളരെ സന്തോഷത്തോടു കൂടിയാണ് കണ്ടിട്ടുള്ളത്. അതുകൊണ്ട് ബഹുമാന്യനായ വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിക്കുകയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുകയോ ചെയ്ത് ഈ റോഡിന്റെ പ്രവൃത്തി ഉടൻ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മൂന്ന് ജില്ലകളുമായി ബന്ധപ്പെട്ട ഒരു റോഡിന്റെ വിഷയം കൂടിയാണ് ഇവിടെ ഉന്നയിച്ചത്. ഈ റോഡ് ആരംഭിക്കുന്ന പെരുമ്പിലാവ് തൃശ്ശൂർ ജില്ലയിലാണ്. മറ്റ് ഭാഗങ്ങൾ വരുന്നത് പാലക്കാട്, മലപ്പുറം ജില്ലകളിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ പെരുമ്പിലാവ്-നിലമ്പൂർ റോഡ് സംസ്ഥാന പാതയുടെ പുനർ നിർമ്മാണ പ്രവൃത്തി 31 കിലോമീറ്ററോളം ദൈർഘ്യത്തിൽ ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തിയുടെ കരാർ തുക 150.48 കോടി രൂപയാണ്. 20-1-2021-ന് പണി ആരംഭിച്ചിട്ടുണ്ട്. നിലവിൽ പൂലാമന്തോൾ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

മേലാറ്റൂർ ഭാഗത്തേയ്ക്കുള്ള പ്രവൃത്തികളാണ് നടന്നുവരുന്നത്. റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർ മറുകളും മാറ്റി സ്ഥാപിക്കേണ്ടതും ജല അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതും നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന മരങ്ങൾ മുറിച്ച് ലേലം ചെയ്യേണ്ടതുമുണ്ട്. മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള വനം വകുപ്പിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കി മരങ്ങൾ മുറിച്ചുനീക്കിയതിനുശേഷം മാത്രമേ ഈ ഭാഗത്ത് പണികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 16 കിലോമീറ്റർ റോഡ്, രണ്ട് കൾവർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 4.6 കിലോമീറ്റർ കോൺക്രീറ്റ് ഓട നിർമ്മാണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗവും മറ്റ് രണ്ട് ജനപ്രതിനിധികളും ഈ വിഷയം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയോ ഇതുമായി ബന്ധപ്പെട്ട യോഗം നടത്താനുള്ള നിലപാട് കൈക്കൊള്ളുകയോ ചെയ്യാം.

(28) മൂന്നാറിന് പ്രത്യേക പാക്കേജ്

ശ്രീ. എ. രാജ: സർ, ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ള ദേവികുളം നിയോജകമണ്ഡലത്തിലെ പ്രദേശമാണ് മൂന്നാർ. 2018-ലെ മഹാപ്രളയത്തിനുശേഷം തുടർന്നിങ്ങോട്ട് ഓരോ വർഷവും തെക്കിന്റെ കാശ്മീർ കടന്നുപോകുന്നത് അതിഭീകരമായ ദുരവസ്ഥയിലൂടെയാണ്. മഹാപ്രളയവും ഗജ സൈക്ലോണും നിപയും പെട്ടിമുടി ദുരന്തവും അതിജീവിച്ച മൂന്നാറിന്റെ ടൂറിസം മേഖല 2020 നവംബർ മുതലാണ് വീണ്ടും സജീവമായി തുടങ്ങിയത്. അതിനുശേഷം കോവിഡിന്റെ രണ്ടാം തരംഗം അക്ഷരാർത്ഥത്തിൽ മൂന്നാറിനെ പരിപൂർണ്ണമായും നിശ്ചലമാക്കി. ടൂറിസം കൊണ്ടു മാത്രം ജീവിതം നടത്തിയിരുന്ന ഓട്ടോ-ടാക്സി തൊഴിലാളികൾ, ഗൈഡുകൾ, കച്ചവടക്കാർ, ഹോംസ്റ്റേ, കോട്ടേജ്, ലോഡ്ജ്, റിസോർട്ട്, ഹോട്ടൽ ജീവനക്കാർ, ഉടമകൾ മുതലായ എല്ലാ ജനവിഭാഗങ്ങളും വളരെ ദുരിതത്തിലാണ്. കോവിഡിന്റെ രണ്ടാംതരംഗം അവസാനിച്ചാലുടൻ ടൂറിസം രംഗത്താകെ ആവശ്യമായ സർക്കാർ ഇടപെടലും ടൂറിസം പാക്കേജും പ്രതീക്ഷിച്ചിരിക്കുകയാണ്. ദുരിതമനുഭവിക്കുന്നവർക്ക് തൽക്കാല ആശ്വാസമെന്നനിലയിൽ ലൈസൻസ് പുതുക്കൽ ഒഴിവാക്കുകയോ നീട്ടി വയ്ക്കുകയോ എടുത്തിരിക്കുന്ന ലോണുകൾക്ക് പലിശരഹിത മൊറട്ടോറിയം അനുവദിക്കുകയോ വൈദ്യുതി ബിൽ കുറവ് ചെയ്യുകയോ ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷ നിലൂടെ ആവശ്യപ്പെടുന്നു.